"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.വാഹിദ.പി.എ യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1269/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/07/2021

---

പരാമർശം:- 1 തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.04.2016 ലെ ഇ2-10085/2015 നമ്പർ നടപടിക്രമം.

2 തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.05.2017 ലെ ഇ2-402/2015 നമ്പർ നടപടിക്രമം.

3 പഞ്ചായത്ത് ഡയറക്ടറുടെ 01.03.2021 ലെ ഇ6-2851/21 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.വാഹിദ.പി.എ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.വാഹിദ പി.എ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 17.10.2007 ൽ സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയ പരിധിക്കുള്ളിൽ എം.ഒ.പി പരീക്ഷ പാസ്സാകാത്തതിനാൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശം (1) പ്രകാരം 17.10.2009 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയും ചെയ്യുകയുണ്ടായി. ടിയാളുടെ ജനന തീയതി 01.01.1966 ആണ്. ടിയാൾക്ക് 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 01.01.2016 ന് ടിയാൾക്ക് വകുപ്പ്തല പരീക്ഷ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഇളവനുദിച്ച് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് 02.01.2016 വരെ ദീർഘിപ്പിച്ച് നല്കണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നത് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമ

പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.വാഹിദ.പി.എ യ്ക്ക് 50 വയസ്സ് തികഞ്ഞ തീയതിയുടെ തൊട്ടടുത്ത ദിവസമായ 01.01.2016 തീയതി പ്രാബല്യത്തിൽ ടിയാളുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് നിയമനാധികാരിയ്ക്ക് പ്രഖ്യാപിക്കുവാൻ കഴിയുമാറ് 17.10.2010 മുതൽ 02.01.2016 വരെ കെ.എസ് & എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

പഞ്ചായത്ത്ഡയറക്ടർ , തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, വേളൂക്കര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ /55/ഇപിഎ1/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ